## കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ഇൻഷ്വറൻസ് ക്ലെയിമുകൾ - ബഹു.പെരുമ്പാവൂർ എം.എ.സി.റ്റി യുടെ ഒ.പി (എം.വി) 1283/09 നമ്പർ വ്യവഹാരത്തിന്റെ വിധി തുക നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്

സ.ഉ (സാധാ) നം. 8708/2016/ധന    തിരുവനന്തപുരം, തീയതി : 04/11/2016

---

പരാമർശം :- 03.09.2016 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ കെ.എസ്.ഐ.ഡി/സ്യൂട്ട്/എസ് 3/14054/04 നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-01 AT- 9869 രജിസ്റ്റർ നമ്പരിലുള്ള വാഹനം 27.06.2009 ൽ അപകടത്തിൽപ്പെടുകയും, ശ്രീ.ബിജു എം.കെ എന്നയാൾക്ക് പരിക്ക് പറ്റുകയും ടിയാൻ ഇൻഷ്വറൻസ് വകുപ്പിനെ മൂന്നാം എതിർകക്ഷിയാക്കി ബഹു.പെരുമ്പാവൂർ എം.എ.സി.റ്റി മുമ്പാകെ ഒ.പി (എം.വി) 1283/09 എന്ന നമ്പരിൽ നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തുവെന്ന് മേൽ പരാമർശിച്ച കത്ത് പ്രകാരം ഇൻഷ്വറൻസ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ബഹു.പെരുമ്പാവൂർ എം.എ.സി.റ്റി യുടെ ഒ.പി (എം.വി) 1283/09 നമ്പർ വ്യവഹാരത്തിന്റെ 22.04.2016 തീയതിയിലെ വിധി പ്രകാരം 2,66,745/- രൂപയും (രണ്ട് ലക്ഷത്തി അറുപത്തി ആറായിരത്തി എഴുനൂറ്റി നാൽപത്തിയഞ്ച് രൂപ മാത്രം) 9% പലിശ ഉൾപ്പെടെ 01/10/2009 മുതൽ 05/11/2014 വരെയും 28/03/2006 മുതൽ വിധി തുക കൈമാറുന്നത് വരെയും നൽകുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ കോടതി ചെലവിനത്തിൽ 17,996/- രൂപയും (പതിനേഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ആറ് രൂപ മാത്രം) നൽകേണ്ടതുണ്ട്. വിജയകരമായ അപ്പീലിന് സാധ്യതയില്ലെന്ന് ലോ ഓഫീസറും ഗവൺമെന്റ് പ്ലീഡറും നിയമോപദേശം നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു.പെരുമ്പാവൂർ എം.എ.സി.റ്റി യുടെ ഒ.പി (എം.വി) 1283/09 നമ്പർ വ്യവഹാരത്തിന്റെ

22.04.2016 തിയതിയിലെ വിധി പ്രകാരമുള്ള 2,66,745/- രൂപയും (രണ്ട് ലക്ഷത്തി അറുപത്തി ആറായിരത്തി എഴുന്നൂറ്റി നാൽപത്തിയഞ്ച് രൂപ മാത്രം) 9% പലിശ ഉൾപ്പെടെ 01/10/2009 മുതൽ 05/11/2014 വരെയും 28/03/2006 മുതൽ വിധി തുക കൈമാറുന്നത് വരെയും അനുവദിക്കുവാനും കോടതി ചെലവിനത്തിൽ 17,996/- രൂപയും (പതിനേഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയാറ് രൂപ മാത്രം) അനുവദിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

പ്രസ്തുത ചെലവ് "8011 – ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് -105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട് - 98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട് -പ്രീമിയം" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സുതൻ.ഡബ്ല്യൂ.ജെ
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ,ധനകാര്യ വകുപ്പ്,www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ